**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2985 | | 13.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പ്ലാസ്റ്റിക് കവറുകളും മറ്റ് പ്ലാസ്റ്റിക് ഉല്പന്നങ്ങളും തടയാൻ നടപടികൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ഡി.കെ.മുരളി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് കവറുകളും മറ്റ് പ്ലാസ്റ്റിക് ഉല്പന്നങ്ങളും വീണ്ടും വിപണിയിൽ ലഭ്യമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചിലയിടങ്ങളിൽ ലഭ്യമാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | ഇവ വിപണിയിൽ ലഭ്യമാകുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ; | (ബി) | കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെൻറ് റൂൾസ് 2016 ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് 24.09.2016-ലെ 576/ഡി.സി.1/16/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് കവറുകളിൽ മാത്രമേ വില്പന നടത്താൻ പാടുള്ളു എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വില്പന സാധനങ്ങൾ പ്ളാസ്റ്റിക് കവറുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവു കച്ചവടക്കാരും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഇതിനു സഹായകരമാകുന്ന തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പുറപ്പെടുവിക്കേണ്ട ഏകീകൃത ബൈലോ തയാറാക്കി പരിശോധിച്ചുവരുന്നു. |
| (സി) | ഇവയുടെ ഉല്പാദനവും വില്പനയും തടയാൻ സ്ഥിരം സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ